(ബി) 12 പേർക്ക് നിയമനം നൽകി. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. †

(സി) ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഒരാളെ നിയമിച്ചിട്ടുണ്ട്. നിയമന ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. †

(ഡി) 1-1-2004-നുശേഷം 12 പേർ നിയമവകുപ്പിൽ നിന്നും വിരമിച്ചിട്ടുണ്ട്. ലിസ്റ്റ് ഇതോടൊപ്പം വയ്ക്കുന്നു. †

(ഇ) നിയമവകുപ്പിൽ 6 ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിച്ചു. (സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഇലക്ഷൻ കമ്മീഷൻ തസ്തികയിൽ അന്യത്ര സേവനം അനുഷ്ഠിച്ചു വരവേ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീമതി പി. വി. പത്മിനിയുടെ ഒഴിവിൽ പകരം ആളും പോകാത്തതിനാൽ ആ ഒഴിവ് കണക്കാക്കിയിട്ടില്ല). ഡൽഹിയിൽ ട്രെയിനിംഗ് കഴിഞ്ഞു വരുന്ന സെക്ഷൻ ഓഫീസർക്ക് പോസ്റ്റിംഗ് നൽകേണ്ടതിനാൽ സെക്ഷൻ ഓഫീസറുടെ ഒരു ഒഴിവ് നികത്തിയിട്ടില്ല. ബാക്കിയുള്ള 5 ഒഴിവുകളിൽ സെക്ഷൻ ഓഫീസർ തസ്തികയിൽ പ്രമോഷൻ നൽകിയതിനെ തുടർന്നുള്ള ലീഗൽ അസിസ്റ്റന്റുമാരുടെ ഒഴിവുകളിൽ 3 എണ്ണം മാത്രമേ നിയമവകുപ്പിൽ നിലവിൽ വന്നിട്ടുള്ളൂ. അന്യത്ര സേവനം അനുഷ്ഠിച്ചുവന്ന 2 ലീഗൽ അസിസ്റ്റന്റുമാർക്ക് സെക്ഷൻ ഓഫീസർമാരായി പ്രമോഷൻ നൽകുകയും പ്രസ്തുത ആഫീസുകളിലേക്ക് പകരം ആളുകളെ നിയോഗിക്കാത്തതു കൊണ്ടാണ് ടി വേക്കൻസികൾ നിലവിൽ വരാത്തത്.

(എഫ്) 1-1-2004-നുശേഷം 3 ലീഗൽ അസിസ്റ്റന്റുമാർക്ക് ഗ്രേഡ്-1 ആയി പ്രമോഷൻ നൽകിയിട്ടുണ്ട്. അവർ താഴെ പറയുന്നവരാണ്:

1. ശ്രീ. എൻ. ജീവൻ
2. ശ്രീമതി സതികുമാരി, കെ. ജി.
3. ശ്രീമതി ശ്രീകല, റ്റി. ആർ.

(ജി) ഇല്ല.

ആലത്തൂരിൽ മിനി സിവിൽ സ്റ്റേഷൻ

24 [1434] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂരിൽ ഒരു മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിനുള്ള പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ്; വിശദാംശം വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ പ്രവൃത്തിക്കായി എന്തു തുക ബഡ്ജറ്റിൽ വകകൊള്ളിച്ചു; അതിൽ എന്തു തുക ചെലവഴിച്ചു?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ചീഫ് ആർക്കിടെക്ട് തയ്യാറാക്കിയ സ്കെച്ച് ഡിസ്ട്രിക്ട് കളക്ടറുടെ അഭിപ്രായത്തിനും അനുമതിക്കുമായി അയച്ചിട്ടുണ്ട്.

(സി) രണ്ടു വർഷത്തിനകം.

(ഡി) 2002-03-ൽ 5 ലക്ഷം രൂപയും, 2003-04-ൽ 35 ലക്ഷം രൂപയും അനുവദിച്ചിരുന്നു. നടപ്പു സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് ഗുണഭോക്താക്കൾക്ക് ലഭിക്കാനുള്ള കുടിശ്ശിക ഗഡുക്കൾ

25 [1435] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് ഗുണഭോക്താക്കൾക്ക് ഇനിയും കുടിശ്ശിക ഗഡുക്കൾ അനുവദിക്കാനുണ്ടോ;

(ബി) പ്രസ്തുത കുടിശ്ശിക തുക അനുവദിക്കാനുള്ളതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) ഈ തുക അനുവദിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) പദ്ധതി പ്രകാരം ഭവന നിർമ്മാണം തുടങ്ങിയ മുഴുവൻ പേർക്കും കുടിശ്ശിക തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം കാണുക. †

(സി) ഗുണഭോക്താക്കൾ യഥാസമയം നിശ്ചിതഘട്ടം പണി ചെയ്തുവെന്ന സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ബോർഡിൽ നൽകാത്തതുകൊണ്ടാണ് ഗഡു വിതരണം മുടങ്ങിയിട്ടുള്ളത്.

(ഡി) 31-8-2004 വരെ വീടു പണിയുടെ നിർദ്ദിഷ്ട ഘട്ടങ്ങൾ പൂർത്തിയാക്കി സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്ന ഗുണഭോക്താക്കൾക്ക് ഗഡു വിതരണം നടത്തുന്നതാണ്.

† അനുബന്ധം 1 കാണുക.

LIBRARY ARCHIVES Kerala Legislative Assembly